II ഇ.ബി. XIII- കേരള നിയമസഭ/XV-3

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 02, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ ബാർകോഴക്കേസിൽ കുറ്റാരോപിതനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

6 (*61) **തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കൽ**

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ കാലോചിതമായി

പരിഷ്കരിക്കുന്നതിനുവേണ്ടി ലേബർ കമ്മീഷണറേറ്റിൽ തൊഴിൽ നിയമ പരിഷ്കരണ സമിതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യ പരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളും 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങളും ഭേദഗതി ചെയ്യുകയും 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വേതന സുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകിക്കൊണ്ട് 08-07-2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് ഭേദഗതി വരുത്താനുള്ള ബിൽ സഭയുടെ പരിഗണനയിലാണെന്നും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ് (ഭേദഗതി) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അസംഘടിത മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനായി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏഴ് സെക്ടറുകളിൽ ആരംഭിച്ചിട്ടുണ്ട്; പോരായ്മകൾ പരിഹരിച്ചുകൊണ്ട് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതോടൊപ്പം എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതാണ്. സ്ത്രീത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിലവിലുള്ള നിയമം ഭേദഗതി ചെയ്തിട്ടുണ്ടെന്നും ഇത് ലംഘിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഔട്ട് സോഴ്സിംഗ് അവസാനിപ്പിക്കുന്നതിനുതകുന്ന നിയമപരിഷ്കാരങ്ങളെ സംബന്ധിച്ച് കൂട്ടായി ആലോചിക്കാവുന്നതാണ്. പൂട്ടിക്കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ഫാക്ടറി ഉടമകളുമായി വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുന്നതാണ്. സമസ്ത മേഖലകളിലെയും തൊഴിലാളികൾക്ക് അഷ്വേർഡ് വേജസ് നൽകുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കുകയാണെന്നും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ടെന്നും പുതിയ കേന്ദ്ര തൊഴിൽ നിയമത്തോടുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*62) <u>മുല്ലപ്പെരിയാർ ഡാം മേൽനോട്ട സമിതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മുല്ലപ്പെരിയാർ മേൽനോട്ട സമിതി നാളിതുവരെ 8 യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടെന്നും സഭയെ

അറിയിച്ചു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ടും ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് മേൽനോട്ട സമിതി ചെയർമാനോടും തമിഴ്നാട് സർക്കാരിനോടും കേരളത്തിന്റെ പ്രതിനിധി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ മേൽനോട്ട സമിതി തമിഴ്നാടിന് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നുണ്ട്. സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം ജലനിരപ്പ് ഉയർത്തുമ്പോൾ ആവശ്യമായ മുൻകരുതലുകളെടുക്കണമെന്ന് മേൽനോട്ടസമിതി ചെയർമാനോടും കേന്ദ്രസർക്കാരിനോടും അഭ്യർത്ഥിച്ചിരുന്നു. 2014-ൽ വടക്കുകിഴക്കൻ മൺസൂൺ മൂലം നീരൊഴുക്ക് വർദ്ധിച്ചപ്പോൾ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി എത്രയും പെട്ടെന്ന് മേൽനോട്ടസമിതിയുടെ യോഗം വിളിച്ചുചേർക്കണമെന്നും മേൽനോട്ടസമിതി കൂടുന്നതുവരെ ജലനിരപ്പ് 140 അടിക്ക് മുകളിൽ ഉയർത്തരുതെന്ന് അറിയിച്ചുകൊണ്ട് സമിതി ചെയർമാൻ തമിഴ്നാടിന് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 30.11.2015-ൽ ചേർന്ന എട്ടാമത്തെ മേൽനോട്ട സമിതി ജലനിരപ്പ് 142 അടിയിൽ കവിയാത്തവിധം സ്പിൽവേ ഗേറ്റുകൾ തുറന്ന് പുറത്തേയ്ക്കുള്ള ജലത്തിന്റെ ഒഴുക്ക് ക്രമീകരിക്കാനും ക്രമാതീതമായ മഴയെത്തുടർന്ന് ജലനിരപ്പ് 142 അടിയിൽ കവിയുന്ന സ്ഥിതിയുണ്ടായാൽ വൈഗ ജലാശയത്തിലേയ്ക്ക് വെള്ളം തിരിച്ചുവിടാനും തമിഴ്നാടിന് നിർദ്ദേശം

നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മക നിർദ്ദേശങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ മേൽനോട്ട സമിതിയുടെ സമയോചിതമായ ഇടപെടൽ ഉണ്ടാകാതിരുന്നപ്പോൾ കേന്ദ്ര സർക്കാരിനേയും കേന്ദ്രജലകമ്മീഷനേയും വിയോജിപ്പ് അറിയിച്ചിരുന്നു. ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് കളക്ടർ യോഗം വിളിച്ചുചേർത്ത് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും അത്യാവശ്യ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡാമിന്റെ ഷട്ടറുകളെല്ലാം ശരിയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നും ഡാമിന്റെ സുരക്ഷയെയും അപകടസ്ഥിതിയെയും സംബന്ധിച്ച് പരിശോധിക്കുന്നതിനായി അന്താരാഷ്ട്ര വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്ന നിലപാടിൽ സർക്കാർ ഉറച്ചുനിൽക്കുകയാണെന്നും കേന്ദ്രഗവൺമെന്റിനെ ഇക്കാര്യത്തിൽ ഇടപെടുത്തുന്നതിനുവേണ്ടി തുടർന്നും ശ്രമിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 690 മുതൽ 1073 വരെയുള്ള ചോദ്യങ്ങളിൽ 27 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)